## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതുകൊണ്ടാണ് എഫെസ്യ ലേഖനത്തിൽ 'ആത്മാവിൽ നിറഞ്ഞവരായിരിപ്പിൻ' എന്ന് പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നത്. ഒരിക്കൽ വെള്ളം കുടിച്ചതുകൊണ്ട് എന്നും ജീവിപ്പാൻ നമുക്കു കഴിയാത്തതുപോലെ, ഒരിക്കൽ ആത്മാവിൽ നിറഞ്ഞതുകൊണ്ട് എന്നും ആത്മീയമായി ജീവിപ്പാൻ നമുക്ക് കഴിയുകയില്ല. ശാരീരികമായി ജീവിക്കുവാൻ ദിവസവും ജലം കുടിക്കേണ്ടത് ആവശ്യമായിരിക്കുന്ന പ്രകാരം, ആത്മീകമായി ജീവിക്കുവാൻ എന്നും ആത്മീകജലപാനം ചെയ്യേണ്ടതും ആവശ്യമാണ്. അത് അറിയാവുന്നവനായ നല്ലവനായ യേശു അതിനുള്ള മാർഗ്ഗങ്ങളും ഒരുക്കിയിട്ടുണ്ട്. അതാണ് ഈ വചനം വ്യക്തമാക്കുന്നത്, 'എന്റെ ഇടയൻ എന്നെ സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് നടത്തുന്നു.' ഇവിടെ യേശുവാണ് നയിക്കുന്നത്, അനുസരിക്കുന്ന ആടിന് ഈ വിഷയത്തിൽ ഒരു പ്രയാസവും ഉണ്ടാകുകയില്ല. കുറച്ച് പച്ചപുല്ലുകൾ തിന്നു കഴിയുമ്പോൾ ഇടയൻ ആടിനെ അവിടെ നിന്നും തിരിച്ച് ജലത്തിന്റെ അടുക്കലേക്ക് കൊണ്ടുപോകുന്നു. ഇടയനെ അനുഗമിക്കുകയും പിൻപററുകയും ചെയ്യുക എന്നതാണ് ഇവിടെ പ്രധാനം. സ്നേഹിതാ, ഇടയനെ അനുഗമിക്കുക, അവനെ പിൻതുടരുക. നമുക്ക് ആവശ്യമായതെല്ലാം ആ നല്ല ഇടയൻ ഒരുക്കിയിട്ടുണ്ട്. അവനെ പിൻപററിയാൽ നമുക്ക് ഒന്നിനും കുറവുണ്ടാകയില്ല. ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയും മുടക്കുകയില്ല. പച്ചപുല്ലുകളാൽ നിറയപ്പെട്ട പുൽമേടുകൾ തയ്യാറാക്കിയിട്ട് ആടുകളെ അവിടേക്ക് നയിക്കുന്ന ഇടയൻ, സ്വസ്ഥതയുള്ള ജലം ക്രമീകരിച്ചിട്ട് തന്റെ ആടുകളെ അവയിലേക്കും നയിക്കുന്നു. തന്റെ ആടുകൾ ശരിയായ ആരോഗ്യത്തോടുകൂടെ ജീവിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യേണ്ടതിന് എന്തെല്ലാം ആവശ്യമുണ്ടെന്ന് അറിയാവുന്ന ഇടയൻ അവയെല്ലാം ക്രമീകരിക്കുന്നു എന്നു മാത്രമല്ല, അവയിലേക്ക് ആടുകളെ നയിക്കുകയും കൂടെ ചെയ്യുന്നു. സമീകൃതമായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ അനുഭവം കൂടെയാണ് പ്രസ്തുത വാക്യം. പച്ചപുല്ലുകൾ തിന്നുകയും തുടർന്ന് ജലം കുടിക്കുകയും ചെയ്യുക, ദൈവവചനമാകുന്ന ആത്മീയഭോജനം ഭക്ഷിച്ചതിനുശേഷം പരിശുദ്ധാത്മാവാം നദിയിൽ നിന്നും ആത്മീയജലം കൂടെ കുടിക്കുക. എത്ര ശ്രേഷ്ഠമായ അനുഭവമാണിത്. എത്ര മെച്ചമായ നിലയിലാണ് ഇടയൻ തന്റെ ആടുകൾക്കായി എല്ലാം ക്രമീകരിച്ചിരിക്കുന്നത്. ക്രിസ്തീയജീവിതം സമീകൃതമായ നിലയിൽ കെട്ടിപ്പടുക്കേണ്ടത് ആവശ്യമാണ്. ദൈവം തന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്നതിനെല്ലാം അതിന്റേതായ ക്രമത്തിന് അനുഭവിപ്പാനും നാം തയ്യാറാകേണ്ടതാണ്.

തുടരും....